"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ റ്റി.വി. IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ 01.01.2011 മുതൽ 31.05.2015 വരെയുള്ളവരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം:
1. സാമൂഹ്യനീതി ഡയറക്ടറുടെ 12.02.2008 ലെ E9/41212/07 നമ്പർ ഉത്തരവ്
2. സാമൂഹ്യനീതി ഡയറക്ടറുടെ 08.02.2017 ലെ E9/38008/16 നമ്പർ ഉത്തരവ്
3. വനിത ശിശു വികസന ഡയറക്ടറുടെ 28.09.2020 തീയതിയിലെ E8/9856/2020(1) നമ്പർ ഉത്തരവ്

## ഉത്തരവ് നം. WCD/E8-9856/2020(2) തീയതി.28.09.2020

പരാമർശം (1) പ്രകാരമുള്ള ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ 31.12.2002 മുതൽ 31.10.2007 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.53 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ജംലാറാണി എ.കെ. 03.04.2006 ൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും 01.07.2006 മുതൽ 01.05.2014 വരെ പ്രൊബേഷൻ കാലയളവിൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ഫ്രഷ് എൻഡ്രന്റ് ആയി 02.05.2014 ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും 02.05.2016 ൽ പ്രൊബേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി ജീവനക്കാരിയെ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 02.05.2014 ൽ ഫ്രഷ് എൻഡ്രന്റ് ആയി ജോലിയിൽ പ്രവേശിച്ച ശ്രീമതി ജംലാറാണി എ.കെ.യെ ശിശു വികസന പദ്ധതി ഓഫീസർമാരുടെ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 182 ആയ ശ്രീമതി കെ. സുലോചനയ്ക്കും ക്രമ നം. 183 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി എസ്. രമയ്ക്കും ഇടയിലായി ക്രമ നം. 182A ആയി ചുവടെ പറയും പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത ജനറൽ/ സ്പെഷ്യൽ | നിയമന നിർദ്ദേശ കത്ത് നമ്പരും തീയതിയും | നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|---|
| 182 A | ജംഫലാറാണി എ.കെ. | 06.01.1976 | MA സോഷ്യോളജി | RIC(1)39629/2004/GW dt. 14.02.2006 | E1(1)-4/2006 dt. 09.03.2006 | 02.05.2014 |

ടി സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

ശ്രീമതി ജംഫലാറാണി എ.കെ.
സിഡിപിഒ,
ഐസിഡിഎസ് കിളിമാനൂർ അഡീഷണൽ
(കാര്യാലയ മേധാവി മുഖാന്തിരം)

**പകർപ്പ്:**

1. എല്ലാ കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട് IT സെൽ
3. ഇ 1 സെക്ഷൻ
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്

"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
**(ഹാജർ: അനുപമ റ്റി.വി. IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി ജംലാറാണിയെ 31.12.2002 മുതൽ 31.10.2007 വരെയുള്ള സിഡിപിഒമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

പരാമർശം: 1. സാമൂഹ്യനീതി ഡയറക്ടറുടെ 12.02.2008 ലെ E9/41212/07 നമ്പർ ഉത്തരവ്
2. വനിത ശിശു വികസന ഡയറക്ടറുടെ 30.08.2018 ലെ E1/19081/18/WCD നമ്പർ ഉത്തരവ്
3. വനിത ശിശു വികസന ഡയറക്ടറുടെ 22.12.2018 ലെ E1/19800(2)/18/WCD നമ്പർ ഉത്തരവ്

## ഉത്തരവ് നം. WCD/E8-9856/2020(1) തീയതി. 28.09.2020

കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ നേരിട്ടുള്ള നിയമനം മുഖേന ഐസിഡിഎസ് ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ 03.04.2006 ന് പ്രവേശിച്ച ശ്രീമതി ജംലാറാണി എ.കെ. പരാമർശം (1) പ്രകാരമുള്ള ശിശു വികസന പദ്ധതി ഓഫീസർമാരുടെ 31.12.2002 മുതൽ 31.10.2007 വരെ ജോലിയിൽ പ്രവേശിച്ചവരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.53 ആയി ഉൾപ്പെട്ടിട്ടുണ്ട്.

ശ്രീമതി ജംലാറാണി എ.കെ. 03.04.2006 ൽ ശിശു വികസന പദ്ധതി ഓഫീസറായി ജോലിയിൽ പ്രവേശിച്ചെങ്കിലും 01.07.2006 മുതൽ 01.05.2014 വരെ KSR ഭാഗം I അനുബന്ധം XII(C) പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നു. ദീർഘകാല ശൂന്യവേതനാവധി കഴിഞ്ഞ് ശ്രീമതി ജംലാറാണി എ.കെ., 02.05.2014 ലാണ് തിരികെ സർവ്വീസിൽ പ്രവേശിച്ചത്. ടിയാളുടെ സർവ്വീസ് റഗുലറൈസേഷൻ പരാമർശം (2) പ്രകാരം ചെയ്തിട്ടുള്ളതാണ്. ടിയാന്റെ പ്രൊബേഷൻ 02.05.2016 പ്രാബല്യ തീയതിയിൽ പരാമർശം (3) പ്രകാരം ഡിക്ലയർ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രൊബേഷൻ കാലയളവിലെ ശൂന്യവേതനാവധിയ്ക്കുശേഷം ഫ്രഷ് എൻഡ്രന്റ് ആയി തിരികെ ജോലിയിൽ പ്രവേശിച്ച ശ്രീമതി ജംലാറാണി എ.കെ. പരാമർശം (1)

പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല എന്നു കാണുന്നു. അതിനാൽ ശ്രീമതി ജംലാറാണി എ.കെ.യെ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

ശ്രീമതി ജംലാറാണി എ.കെ.
സിഡിപിഒ,
ഐസിഡിഎസ് കിളിമാനൂർ അഡീഷണൽ
(കാര്യാലയ മേധാവി മുഖാന്തിരം)

**പകർപ്പ്:**

1. എല്ലാ കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട് IT സെൽ
3. ഇ 1 സെക്ഷൻ
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്